# 60. മി. കൃഷ്ണൻ

മേശപ്പുറത്തു കിടന്നിരുന്ന പഞ്ചാംഗം വെറുതെയെടുത്ത് മിസ്റ്റർ കൃഷ്ണൻ അലസമായി മറിച്ചുനോക്കി. മേടമാസത്തിൽ ഉത്രം എന്നാണ്? ഓ, അത് ഈ വരുന്ന മെയ് 2–ാം തീയതിയാണല്ലോ. ഇരിങ്ങാലക്കുട ഉത്സവം കൊടിയേററം. അന്നാണ് തന്റെ പിറന്നാൾ. ആ ദിവസം തനിക്ക് അറുപത്തൊമ്പതു വയസ്സാകുന്നു.

അറുപത്തൊമ്പതു വയസ്സ്! മിസ്റ്റർ കൃഷ്ണൻ മെല്ലെ ഒന്നു ഞെട്ടി. പിന്നെ അയാളുടെ ചുണ്ടിൽ ഒരു ചിരി വിടർന്നു. തന്റെ നേട്ടം മോശമൊന്നുമല്ല. അറുപത്തൊമ്പതു വർഷം ഈ രാജ്യത്തു ജീവിച്ചല്ലോ! താൻ പിറന്ന കാലത്ത് ഇന്ത്യയിൽ ഒരു മനുഷ്യന്റെ ശരാശരി ആയുസ്സ് മുപ്പതോ മുപ്പത്തിരണ്ടോ വർഷമായിരുന്നു. ഇപ്പോൾ അത് ഉയർന്ന് അമ്പത്തിനാലു വർഷമായിട്ടുണ്ടെന്നു കേൾക്കുന്നു. ഇതു ശരിയാണെങ്കിൽ, ശരാശരി കഴിഞ്ഞും താൻ ജീവിച്ച പതിനഞ്ചു വർഷങ്ങൾ തനിക്കു ബോണസ്സായി കിട്ടിയവയാണ്.

ബോണസ്സോ? അല്ല. അവകാശപ്പെട്ടതെങ്കിലും വൈകികിട്ടുന്ന കൂലിയാണല്ലോ ബോണസ്സ്. ശരാശരി ആയുഃപ്രതീക്ഷ കവിഞ്ഞശേഷം കിട്ടുന്ന ജീവിതവർഷങ്ങൾ ആർക്കും അവകാശപ്പെട്ടവയല്ല. എന്തെങ്കിലും സേവനം നിർവഹിച്ചതിനു കിട്ടുന്ന കൂലിയുമല്ല ഈ വർഷങ്ങൾ. തികച്ചും സൗജന്യമായി കിട്ടുന്നവയാണ് അവ—എക്സ് ഗ്രേഷ്യ!

അറുപത്തൊമ്പതു വയസ്സാകുന്നതോടെ താൻ 'വയസ്സൻ' ആയിക്കഴിഞ്ഞുവോ എന്ന് മി. കൃഷ്ണൻ ആലോചിച്ചു. മുഖപരിചയമില്ലാത്തവർ ഇപ്പോൾത്തന്നെ അയാളെ വിളിക്കുന്നതു 'അപ്പൂപ്പാ!' എന്നാണ്. 'അമ്മാവാ!' 'കാരണവരേ!' 'മൂപ്പീന്നേ!'— അങ്ങനെയുമുണ്ട് സംബോധനാവികല്പങ്ങൾ. എന്നാലും തനിക്കുമില്ലേ വേറെ കാരണവന്മാർ? തന്റെ യൗവനംവരെ നിലവിലിരുന്ന കൂട്ടുകുടുംബസമ്പ്രദായമനുസരിച്ച്, രണ്ടു ചേട്ടന്മാരും അഞ്ചു ചേച്ചിമാരും ഇപ്പോഴും തനിക്കുള്ളതായി മി. കൃഷ്ണൻ ഓർത്തു. കാരണവന്മാരായി കണക്കാക്കേണ്ട ബന്ധുക്കൾ വേറെയുമുണ്ട്. തന്റെ അദ്ധ്യാപകരിൽ ചിലരും പൂർണാരോഗ്യത്തോടെ ഇപ്പോഴും ജീവിച്ചിരിക്കുന്നു. ഇവരൊക്കെ അയാളെ വിളിക്കുന്നതു 'അപ്പൂപ്പാ!' എന്നോ 'മൂപ്പീന്നേ!' എന്നോ അല്ല; 'കൃഷ്ണൻകുട്ടീ!' എന്നാണ്. കൊള്ളാം, നല്ല 'കുട്ടി'തന്നെ! രണ്ടാം ബാല്യം ആയിരിക്കാം.

'അപ്പൂപ്പാ!' എന്ന് ബസ് കണ്ടക്ടർ തന്നെ വിളിക്കുമ്പോൾ, ആ വിളിയിൽ അസാധാരണമായി ഒന്നുംതന്നെയില്ലെന്ന് മി. കൃഷ്ണൻ സ്വയം പറഞ്ഞു. പ്രായത്തിൽ തന്നേക്കാൾ എത്ര ഇളപ്പമാണ് അയാൾ! കണ്ടക്ടർ മാത്രമോ? ഡ്രൈവറും, 'കിളിയും' ബസ്സിലെ യാത്രക്കാരും, എല്ലാം തന്നേക്കാൾ പ്രായം ചുരുങ്ങിയവരാണ്. ബസ്സിൽ മാത്രമല്ല, രാവിലെ മുതൽ വൈകുന്നേരംവരെ താൻ കാണുന്ന മനുഷ്യരിൽ ഭൂരിഭാഗവും തന്നേക്കാൾ പ്രായക്കുറവുള്ളവരല്ലേ? തന്നേക്കാൾ പ്രായമേറിയ എത്ര ആളുകളുണ്ടാ

വും ചുററുവട്ടത്തിൽ? ഏറെയില്ല. ലോകജനസംഖ്യ ആകെ എടുത്താൽത്തന്നെ, എഴുപത്തഞ്ച്–എൺപതു ശതമാനം ആളുകൾക്കെങ്കിലും പ്രായം തന്നേക്കാൾ കുറവാണെന്ന് മി. കൃഷ്ണൻ ചിന്തിച്ചു. അത്ഭുതം തന്നെ! സമ്പത്സമൃദ്ധമായ അമേരിക്കയിൽപ്പോലും, പുരുഷന്മാരുടെ ശരാശരി വയസ്സ് 69. 4 മാത്രമാണെന്ന് എവിടെയോ അയാൾ വായിച്ചിട്ടുണ്ട്. ആഫ്രിക്കയിലെ ഒരു രാജ്യമായ അംഗോളയിലാകട്ടെ, ശരാശരി ആയുഃപ്രതീക്ഷ മുപ്പത്തിമൂന്നര വർഷം മാത്രമാണത്രേ. അംഗോളയിലായിരുന്നു മി. കൃഷ്ണൻ പിറന്നതെങ്കിൽ, രണ്ടു ജന്മങ്ങളുടെ ആയുസ്സു രണ്ടുവർഷം മുമ്പുതന്നെ അയാൾക്കു കിട്ടിക്കഴിഞ്ഞിരിക്കുന്നു!

അതു മനുഷ്യരുടെ കാര്യം. മററു ജീവികളുടെ കഥ നോക്കിയാലോ? നിത്യജീവിതത്തിൽ താൻ കണ്ടുമുട്ടുന്ന ഏതെങ്കിലും ജീവിക്ക്, തനിക്ക് ഇപ്പോഴുള്ളതിൽ കൂടുതൽ പ്രായമുണ്ടോ എന്ന് മിസ്റ്റർ കൃഷ്ണൻ ആലോച്ചുനോക്കി. ഉറുമ്പ്, ഈച്ച, കൊതുക്, കൂറ, ഗൗളി, എട്ടുകാലി, തേരട്ട— ഇല്ല, ഇവയെല്ലാം ഏതാനും ദിവസങ്ങളോ മാസങ്ങളോ മാത്രമായിരിക്കും ആയുസ്സ്. കൃത്യമായി കണക്കുവെക്കാൻ, ഒരു കൂറയുടെയെങ്കിലും ജീവിതചക്രം നിരീക്ഷിക്കാൻ തനിക്ക് ഇന്നോളം തോന്നാത്തതിൽ മി. കൃഷ്ണന് പശ്ചാത്താപം തോന്നി.

ഇനി, കുറേക്കൂടി വലിപ്പമുള്ള ജീവികളുടെ കാര്യം എടുത്താലോ? പൂച്ച, നായ, പശു, എരുമ—ഓ, കൂടിയാൽ പത്തോ ഇരുപതോ വർഷത്തെ ആയുസ്സേ മനുഷ്യന്റെ ഈ കൂട്ടുകാർക്കുള്ളൂ. പുലി, സിംഹം മുതലായ വീരന്മാർ, സംരക്ഷിതമേഖലകളിൽ വളത്തുമ്പോൾ, ഇരുപതോളം വർഷം ജീവിച്ചിരുന്നിട്ടുണ്ടത്രെ. കരയിലെ മൃഗങ്ങളിൽ ഏററവും നീണ്ട ആയുസ്സ് ലഭിച്ചിട്ടുള്ളത് ആനയ്ക്കാണെന്ന് മി. കൃഷ്ണൻ ഓർത്തു. ഏതോ കാഴ്ചബംഗളാവിൽ വളർത്തിയിരുന്ന ഒരു ഇന്ത്യൻ ആന അറുപത്തൊമ്പതാം വയസ്സിൽ മരിച്ചു (മരിച്ചു എന്നല്ല, 'ചെരിഞ്ഞു' എന്നാണ് ആചാരവാക്ക്) എന്ന് എവിടെയാണ് താൻ വായിച്ചത്? കൂടിയാൽ അമ്പതു വർഷത്തിനടുത്തുമാത്രം ആയുസ്സുള്ള ഗോറില്ല എന്ന വമ്പൻ ആൾക്കുരങ്ങുപോലും ആയുസ്സിന്റെ കാര്യത്തിൽ ആനയുടെ പുറകിലാണ്.

ഈയിടെ കൊല്ലം പട്ടണം സന്ദർശിച്ച തിമിംഗലങ്ങളോ? അവയിലൊന്നിനെ കടപ്പുറത്തു ചെന്നു താൻ സന്ദർശിക്കുകയുണ്ടായത് മി. കൃഷ്ണന് ഓർമവന്നു. തിമിംഗലങ്ങൾ തൊണ്ണൂറു വയസ്സുവരെ ജീവിക്കാറുണ്ടല്ലോ. ഉണ്ടാവണം. ആര് ഇതിന്റെയൊക്കെ കണക്കുവെച്ചിരിക്കുന്നു? എന്നാലും, സസ്തനങ്ങളിൽ ഏററവും വലുതും, ഏററവുമധികംകാലം ജീവിച്ചിരിക്കുന്നതും തിമിംഗലമാണെന്നാണ് പ്രസിദ്ധി. കൊല്ലത്തു വന്ന തിമിംഗലം മിസ്റ്റർ കൃഷ്ണനേക്കാൾ പ്രായമുള്ള ഒന്നായിക്കൂടെന്നില്ല. ആ നിലയ്ക്ക്, അങ്ങോട്ടു ചെന്ന് അതിനെ കണ്ട മി. കൃഷ്ണൻ ഒരു മര്യാദ നിറവേററുകമാത്രമേ ചെയ്തിട്ടുള്ളു!

പക്ഷികളോ? മി. കൃഷ്ണൻ ആലോചന തുടർന്നു. രാവിലെ തന്നെ വിളിച്ചുണർത്തിയ കാക്കയ്ക്ക് എത്ര വയസ്സായിട്ടുണ്ടാകും? കാക്ക ചിരംജീവിയാണെന്നും, അത് നൂറു വർഷത്തിലേറെ ജീവിച്ചിരിക്കുമെന്നും പറഞ്ഞുകേട്ടിട്ടുണ്ട്. പക്ഷേ, ഒരു പക്ഷിയും എഴുപതു വർഷത്തിലേറെ ജീവിച്ചതായി രേഖയില്ല.

രേഖയില്ലേ? രാമായണത്തിലെ ജടായു എന്ന ഗൃധ്രരാജൻ എത്ര വർഷം ജീവിച്ചു? ഇപ്പോൾത്തന്നെ, തമിഴ്നാട്ടിൽ തിരുക്കഴുക്കുന്റത്തിലുള്ള ക്ഷേത്രക്കഴുകന് എത്ര വയസ്സായി? പക്ഷേ, ജടായുവിന്റേത് കഥമാത്രമാണ്; തിരുക്കഴുക്കുന്റം കഴുകന്റേത് ഐതിഹ്യവും, ആ കഴുകനെ മററുള്ളവയിൽനിന്നു വേർതിരിച്ച് അടയാളപ്പെടുത്താനോ, അതിന്റെ ജീവിതചര്യ കുറിച്ചുവയ്ക്കാനോ നമ്മളാരും മിനക്കെട്ടിട്ടില്ലല്ലോ.

അങ്ങനെ, താൻ ദിവസേന കാണുന്ന കീടങ്ങരം, ഉരഗങ്ങരം, പക്ഷികരം, മൃഗങ്ങരം എന്നീ ഇനങ്ങളിൽപ്പെട്ട എല്ലാ ജീവികളേക്കാളും എത്രയോ അധികം പ്രായക്കൂടുതൽ തനിക്കുണ്ടെന്നതു് മി. കൃഷ്ണനെ സംബന്ധിച്ചിടത്തോളം രസകരമായ ഒരു കണ്ടുപിടുത്തമായിരുന്നു.

ഇനി സസ്യങ്ങളുടെ കാര്യമെടുത്താലോ? മുററത്തെ മുത്തങ്ങപ്പുല്ലിനു് എത്രയാണു് ആയുസ്സ്? ആറു മാസം? പാടത്തെ നെല്ലിനു് ആയുസ്സു് അതിലും കുറവാണു്. തൊടിയിലെ വാഴയ്ക്കോ? ആ ഒട്ടുമാവിനു് എത്ര വയസ്സായി? എല്ലാററിനും മീതെ ആകാശനീലിമയ്ക്കുനേരെ തലയുയർത്തി നില്ക്കുന്ന ആ ചമ്പത്തെങ്ങിനോ? എല്ലാം, പ്രായത്തിൽ, തന്നേക്കാരം താഴെയാണല്ലോ. 'അനുജാ!' എന്നോ, 'മോളേ!' എന്നോ മറേറാ അല്ലാതെ, 'ചേട്ടാ!' എന്നോ 'ചേച്ചീ!' എന്നോ വിളിക്കേണ്ട ആരും സസ്യവർഗത്തിലുമില്ല!

ഇല്ലേ? അമ്പലത്തിലെ തലപോയ കിഴവൻ അരയാലിനു് എത്ര വയസ്സായിക്കാണും? ആയിരം വയസ്സായ അരയാലുകളെപ്പററി കേട്ടിട്ടുണ്ടു്. ബുദ്ധഗയയിൽ താൻ കണ്ട അരയാലിനെപ്പററി മി. കൃഷ്ണൻ ഓർത്തു. അതിൻെറ ഉണങ്ങിയ ഒരില ഇപ്പോഴും അയാരം സൂക്ഷിച്ചുവെച്ചിട്ടുണ്ടു്. പക്ഷേ, ആ അരയാലിനു് അത്ര വളരെ പ്രായമൊന്നുമില്ല. ബുദ്ധഭഗവാനു് നിഴൽ വിരിച്ചുകൊടുത്ത അരയാലിൻെറ ഒരു കൊമ്പു് ശ്രീലങ്കയിലേക്കു് അശോകചക്രവർത്തി കൊടുത്തയയ്ക്കുകയുണ്ടായി. ബുദ്ധഗയയിലെ അരയാൽ പില്ക്കാലത്തു് നശിപ്പിക്കപ്പെട്ടു. അതിനുശേഷം ശ്രീലങ്കയിലെ അരയാലിൻെറ ഒരു കൊമ്പു കൊണ്ടുവന്നു നട്ടതാണത്രെ ഇപ്പോരം ബുദ്ധഗയയിൽ കാണുന്ന ബോധിവൃക്ഷം. കൊമ്പൊടിച്ചു കുത്തിയാൽ പൊടിക്കുന്ന സസ്യങ്ങരംക്കു് ശാശ്വതികത്വവും നൈരന്തര്യവും അവകാശപ്പെടാമോ?

മദ്രാസിലെ അടയാറിലുള്ള പേരാലിൻെറ ചിത്രം മി. കൃഷ്ണൻെറ മനസ്സിൽ തെളിഞ്ഞുവന്നു. പടന്നു പന്തലിച്ചു നില്ക്കുന്ന ആ മരത്തിനു് എത്ര വയസ്സായിരിക്കണം? ഏതായാലും നാലായിരംവർഷം പ്രായമുള്ള ചില മരങ്ങരം അമേരിക്കയിൽ കാലിഫോർണിയയിലുണ്ടെന്ന കാര്യം മി. കൃഷ്ണൻ ഓർത്തു. അമേരിക്കയിൽത്തന്നെ കിഴക്കേ നേവാഡസംസ്ഥാനത്തിലുള്ള ഒരു പൈൻമരത്തിനു് നാലായിരത്തിത്തൊള്ളായിരം വയസ്സായെന്നും, ഭൂമുഖത്തു് ഇപ്പോരം ഉള്ള ജീവികളിൽ ഏററവും പ്രായക്കൂടുതൽ ഈ മരക്കാരണവർക്കാണെന്നും താൻ ഈയിടെ എവിടെയോ വായിച്ചല്ലോ.

പക്ഷേ, മരങ്ങളുടെ ദീർഘായുസ്സിനെപ്പററിയുള്ള പ്രസ്താവങ്ങരംക്കു് നാം വലിയ മതിപ്പു നൽകേണ്ടതില്ല. കാരണം, നമ്മരം കാണുന്ന ആ വലിയ അരയാലിലുള്ള കോശങ്ങളിൽ (സെല്ലുകളിൽ) ജീവനുള്ളവ അഗ്രമുകുളപ്രദേശങ്ങളിൽ മാത്രമാണു്. മററു കോശങ്ങരം (തടിയിലുള്ളവ) മിക്കവാറും എന്നേ മരിച്ചുകഴിഞ്ഞിരിക്കുന്നു. ഏററവും അധികം ആയുസ്സുള്ള മരത്തിൻെറ കോശങ്ങരംപോലും മുപ്പതുവർഷത്തിലധികം ജീവിച്ചിരിക്കുന്നില്ല. അതിനാൽ, ജീവനുള്ള മരത്തിൻെറ വലിയ ഒരു ശതമാനം മരിച്ച മരമാണു്! അമൃതം ചൈവ മൃത്യുശ്ച—രണ്ടും ചേർന്നതാണു് മരം— സാക്ഷാൽ ഭഗവാൻതന്നെ! നേവാഡയിലെ ആ പൈൻമരക്കാരണവരെ ഒന്നു നേരിട്ടു കാണാൻ കഴിഞ്ഞെങ്കിൽ എന്നു് മി. കൃഷ്ണൻ ആശിച്ചു. എങ്കിൽ, മുമ്പിൽച്ചെന്നു്, സുഗതകുമാരിയുടെ പ്രസിദ്ധമായ കവിത മന്ത്രംപോലെ ചൊല്ലി 'അടിതൊട്ടു മുടിയോളമുടൽ കണ്ടു'' തൊഴാമായിരുന്നു; ആ കാൽകളിൽ സാഷ്ടാംഗം ഒന്നു നമസ്കരിക്കാമായിരുന്നു!

പക്ഷേ, അറുപത്തൊമ്പതു വയസ്സായ താൻ ഒരു മരത്തെ കാണാൻ ഇനി എന്നെങ്കിലും അമേരിക്കയിലേക്കു പോവുകയുണ്ടാവുമോ?

എന്തുകൊണ്ട് അതും സംഭവിച്ചുകൂടാ? വേണമെങ്കിൽ തനിക്ക് ഇനിയും ഒരു പത്തുമുപ്പതു വർഷംകൂടെ ജീവിച്ചിരിക്കാവുന്നതേയുള്ളു എന്ന് മി. കൃഷ്ണൻ വിചാരിച്ചു. അറുപതു വയസ്സ് ആവുമ്പോഴേക്ക് മിക്ക പകർച്ചവ്യാധികൾക്കും എതിരെയുള്ള പ്രതിരോധശക്തി ഓരോ മനുഷ്യനും ആർജിച്ചു കഴിഞ്ഞിരിക്കും. അതിനാൽ, ഏതെങ്കിലും പകർച്ചവ്യാധി ബാധിച്ചു താൻ മരിക്കേണ്ടതില്ല. ക്യാൻസർ, ഹൃദ്രോഗം, വാതം, മൂത്രാശയരോഗങ്ങൾ—അങ്ങനെ പലതും വന്നുകൂടായ്കയില്ല. അല്ലെങ്കിൽ, വഴിയിലൂടെ നടന്നുപോവുമ്പോൾ ഏതെങ്കിലും വാഹനം വന്ന് ഇടിച്ചു മരിക്കാം. ഇനി ഒരു യുദ്ധം ഉണ്ടാവുകയാണെങ്കിൽ, അതിൽ അണുബോംബ് പ്രയോഗിക്കപ്പെട്ടാൽ, അങ്ങനെയും തനിക്കു മരണം സംഭവിച്ചുകൂടായ്കയില്ല. അല്ലെങ്കിൽ, നഗരത്തിൽ നടക്കുന്ന ഇനിയത്തെ ലഹളയിൽ, താനറിയാത്ത, തന്നെ അറിയാത്ത, ഘാതകന്റെ കഠാരി പുറത്തു കയറി രക്തം വാർന്നും തന്റെ ഇഹലോകലീല അവസാനിക്കാം. ഓ, മരിക്കാൻ എന്തെല്ലാം സാധ്യതകൾ! എന്നാലും ഇവയിലൊന്നും സംഭവിച്ചുകൊള്ളണമെന്നില്ല. അങ്ങനെ ദീർഘകാലം താൻ ജീവിച്ചിരുന്നാൽ ഒരു പക്ഷേ....

'അപ്പൂപ്പാ!' എന്ന വിളി കേട്ട് മി. കൃഷ്ണൻ തലയുയർത്തി നോക്കി. ആരുമില്ലല്ലോ! പക്ഷേ, വിളി താൻ കേട്ടതല്ലേ? ജനലിലൂടെ പുറത്തേക്കു നോക്കുമ്പോൾ, അതാ വീണ്ടും ആ വിളി: 'അപ്പൂപ്പാ!' ഇത്തവണ മനസ്സിലായി. മുററത്തു നില്ക്കുന്ന ചെന്തെങ്ങിൻതൈയാണ് വിളിച്ചത്. കഷ്ടിച്ചു മൂന്നു വയസ്സേ അതിന് ആയിട്ടുള്ളു. ഇതിനകം മൂന്നോ നാലോ കുലകൾ പൊട്ടിവിടർന്നു കഴിഞ്ഞിരിക്കുന്നു. കാണാൻ എന്തൊരു ചന്തം! പരമസുന്ദരിതന്നെ!

'അപ്പൂപ്പോ! ചെന്തെങ്ങിൻതൈ വീണ്ടും വിളിച്ചു.

'വരുന്നു മോളെ!' മി. കൃഷ്ണൻ മെല്ലെ എഴുന്നേററ് മുററത്തേക്കിറങ്ങി. നടുവിന് ഇരുന്നിരുന്ന് അല്പമൊരു കഴപ്പ് തോന്നുന്നുണ്ടോ? കണ്ണു മഞ്ഞളിക്കുന്നുണ്ടോ? തല ചുററുന്നുണ്ടോ?

തനിക്കു വയസ്സായോ?

(7 ഏപ്രിൽ, 1985)

# 61. ശകുന്തളാദേവി

'ഉമേശ് ഹഡിമണി' എന്ന കണക്കുവിദഗ്ധനായ ബാലനെപ്പററി ജൂൺ 17–ലെ 'കുമാരി'യിൽ ഇതേ പംക്തിയിൽ എഴുതിയിരുന്നുവല്ലോ. 'മനുഷ്യക്കമ്പ്യൂട്ടർ' എന്നു വിളിക്കപ്പെടുന്ന ശകുന്തളാദേവിയെപ്പററി ഇത്തവണ എഴുതാം.

ശകുന്തളയ്ക്ക് ഇപ്പോൾ 44 വയസ്സായി. ഓർമശക്തിക്കോ ഗണിതസാമർത്ഥ്യത്തിനോ ഇപ്പോഴും യാതൊരു കുറവുമില്ല. യൂറോപ്പിലും അമേരിക്കയിലും വിദൂര–പൗരസ്ത്യദേശത്തുമൊക്കെ ഇപ്പോഴും ഗണിതവൈദഗ്ധ്യപ്രകടനങ്ങൾ നടത്തും. 23, 60, 29, 032 എന്നോ 1, 87, 90, 80, 940 എന്നോ മററോ, ഒമ്പതോ പത്തോ അക്കമുള്ള ഒരു സംഖ്യ പറഞ്ഞാൽ, ഉടൻ അതിന്റെ വർഗമൂലം നമുക്കു കണക്കുകൂട്ടിപ്പറഞ്ഞുതരും. '1623 സെപ്റ്റംബർ 7–ാം തീയതി' എന്നു പറഞ്ഞാൽ, അന്നത്തെ ആഴ്ച ഉടൻ പറയും. അതുപോലെ '1917 നവംബർ ആദ്യത്തെ ശനിയാഴ്ച' എന്നു നാം